## കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം.

നമ്പർ. F314124/16 തീയതി-28/12/2016

### സർക്കുലർ നമ്പർ30/2016-17

വിഷയം - കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്തൊഴിലാളികൾക്ക് ടി.ബി.എഫ് വിതരണം ചെയ്യുന്നതിന് ചീഫ് എക്സിക്യൂട്ടീവിൽനിന്നും അനുമതി വാങ്ങുന്നത് സംബന്ധിച്ച്.

സൂചന- സർക്കുലർ നം. 24/2016-17.

മേൽ സൂചന സർക്കുലർ പ്രകാരം തൊഴിലാളികൾക്ക് ടി.ബി.എഫ് നൽകുന്നതിന് ചീഫ് എക്സിക്യൂട്ടീവിൽ നിന്നും അനുമതി ലഭിച്ചതിനുശേഷം ജനറൽ അക്കൌണ്ടിൽ നിന്നും വിതരണം ചെയ്യേണ്ടതാണ് എന്ന് അറിയിച്ചിരുന്നു. ചീഫ് എക്സിക്യൂട്ടീവിൽ നിന്നും ടി.ബി.എഫ് വിതരണം നടത്തുന്നതിന് അനുമതി വാങ്ങുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

1. ബോർഡിന്റെ website khwwb.org workers pension link-ലൂടെ login ചെയ്യേണ്ടതാണ്.
2. Log in ചെയ്തതിനുശേഷം workers TBF link വഴി തൊഴിലാളിയുടെ വിശദാംശങ്ങളും, വേതനം,ടി.ബി.എഫ്, GWF Recoverd, ടി.ബി.എഫിൽ നിന്നുള്ള റിക്കവറികൾ എന്നിവ ചേർക്കേണ്ടതാണ്.
3. ടി തൊഴിലാളിയുടെ സ്റ്റേറ്റ്മെൻറ് പ്രിൻറ് എടുത്തതിനുശേഷം ബന്ധപ്പെട്ട ചെയർമാൻ അടക്കമുള്ള ഉദ്യോഗസ്ഥർ രജിസ്റ്ററുകളുമായി ഒത്തു നോക്കി സാക്ഷ്യപ്പെടുത്തേണ്ടതാണ്. അതിനുശേഷം, സാക്ഷ്യപ്പെടുത്തിയ പകർപ്പ് സ്കാൻ ചെയ്ത് വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യേണ്ടതും അതിനുശേഷം മാത്രം അപേക്ഷ സബ്മിറ്റ് ചെയ്യേണ്ടതുമാണ്. ഇവിടെ നൽകുന്ന **വിവരങ്ങൾ പെൻഷൻ അനുവദിച്ച് ഉത്തരവാകുന്നതിന് ഉപയോഗപ്പെടുത്തുന്നതിനാലും Application submit ചെയ്തതിനുശേഷം അതിൽ തിരുത്തലുകൾ വരുത്താൻ സാധ്യമല്ലാത്തതിനാലും സബ്മിറ്റ് ചെയ്യുന്നതിന് മുൻപ് തൊഴിലാളിയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ പൂർണ്ണമായും ചേർക്കേണ്ടതും സൂക്ഷമ പരിശോധ നടത്തേണ്ടതുമാണ്.**

a) TBPF അനുവദിച്ച് വന്ന് കഴിഞ്ഞാൽ തൊഴിലാളിയുടെ പെൻഷൻ അപേക്ഷ ടി ലിസ്റ്റിൽ നിന്നും തന്നെ ചെയ്യേണ്ടതാണ്. പെൻഷന് വേണ്ടി തുടർ നടപടികൾ വെബ്സൈറ്റിലുള്ള home pageൽ Transaction workers pension എന്ന ലിങ്കിൽ ചെയ്യേണ്ടതാണ്.

4. അയയ്ക്കുന്ന സ്റ്റേറ്റ്മെൻറുകളും വെബ്സൈറ്റിൽ upload ചെയ്ത details ഉം പരിശോധിച്ചതിനുശേഷം അപാകതകൾ ഒന്നുംതന്നെ കാണുന്നില്ല. എങ്കിൽ Website-ൽ ടിയാന്റെ ടി.ബി.എഫ് **sanction** ചെയ്യുന്നതും, സബ് ഓഫീസ്/കമ്മിറ്റി യിൽ നിന്നും അനുമതി പത്രം പ്രിൻറ് ചെയ്ത് എടുക്കാവുന്നതുമാണ്. അനുമതി പത്രം ലഭിച്ചുകഴിഞ്ഞാൽ ബന്ധപ്പെട്ട കമ്മിറ്റി ചെയർമാൻമാർക്ക് ടിബിഎഫ് നൽകാവുന്നതാണ്.
5. അപാകതകൾ ഏതെങ്കിലും ശ്രദ്ധയിൽ പെടുകയാണെങ്കിൽ സബ്മിഷൻ റദ്ദാക്കുന്നതും, അപാകതകൾ പരിഹരിച്ച് മേൽ പറഞ്ഞ നടപടികൾ ആവർത്തിക്കേണ്ടതുമാണ്

29/12/16

ചീഫ് എക്സിക്യൂട്ടീവ്

പകർപ്പ്

എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാർക്കും സബ് ഒഫീസുകൾക്കും

29/12

എഫ് . ഒ., എ. ഒ